"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - പാലക്കാട് നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസറായിരുന്ന ശ്രീ. മനോജ് കുമാർ സി. ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ എ 1230/2023 നമ്പർ കേസിലെ 07.07.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1744/2023/LSGD തീയതി,തിരുവനന്തപുരം, 26-08-2023

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.06.2023 തീയതിയിലെ LSGD/PD/39810/2023-VIG D1 നമ്പർ ഉത്തരവ്.
2. ശ്രീ. മനോജ് കുമാർ സി. സർക്കാരിൽ സമർപ്പിച്ച 23.06.2023 തീയതിയിലെ അപ്പീൽ അപേക്ഷ
3. ശ്രീ. മനോജ് കുമാർ സി. ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ എ 1230/2023 നമ്പർ കേസിലെ 07.07.2023 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.08.2023 തീയതിയിലെ LSGD/PD/39810/2023-VIG D1 നമ്പർ ഉത്തരവ്.
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.08.2023 തീയതിയിലെ LSGD/PD/39810/2023-VIG D1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസറായിരിക്കെ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 1 ഉത്തരവ് പ്രകാരം സസ്പെൻഷനിലായ ശ്രീ. മനോജ് കുമാർ സി., ടിയാന്റെ സസ്പെൻഷൻ പിൻവലിക്കണമെന്നു ആവശ്യവുമായി സർക്കാരിൽ പരാമർശം 2 പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. മനോജ് കുമാർ സി., ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള ഒ എ 1230/2023 നമ്പർ കേസിലെ 07.07.2023 തീയതിയിലെ വിധിന്യായത്തിൽ ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട് ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് ഒരു മാസത്തിനകം തീരുമാനം കൈകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ. മനോജ് കുമാർ സി., സമർപ്പിച്ച അപ്പീൽ അപേക്ഷ പ്രകാരം സംസ്ഥാനത്തെ ചില തദ്ദേശസ്വയംഭരണ ഓഫീസുകളിൽ ആഭ്യന്തര വിജിലൻസ് വിഭാഗം 06/06/2023 തീയതിയിൽ

നടത്തിയ പരിശോധനയുടെ ഭാഗമായി പാലക്കാട് മുനിസിപ്പാലിറ്റിയിൽ നടത്തിയ പരിശോധനയിൽ വ്യാപാര ലൈസൻസ് അനുവദിക്കുന്ന സഞ്ചയ സോഫ്റ്റ് വെയറിൽ തന്റെ ഇൻബോക്സിൽ 2083 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുള്ളതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തതായും ഇക്കാര്യത്തിൽ തന്റെ ഭാഗത്ത് നിന്നും മനപൂർവ്വമായ വീഴ്ചയുണ്ടായിട്ടില്ലായെന്നും അടിയന്തരപ്രാധാന്യമുള്ള മറ്റ് ചില പ്രവർത്തനങ്ങളിൽ മുൻഗണന നൽകിയതിനാലാണ് ഇത്തരമൊരു വീഴ്ച സംഭവിച്ചതെന്നും ആയതിനാൽ അപ്പീൽ അപേക്ഷ പരിഗണിച്ച് സസ്പെൻഷൻ പിൻവലിച്ച് ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 5 റിപ്പോർട്ട് പ്രകാരം പാലക്കാട് നഗരസഭയിൽ ഇന്റേണൽ വിജിലൻസ് ഓഫീസർ മുഖേന നടത്തിയ ആകസ്മിക പരിശോധനയിൽ ലൈസൻസ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാതെ, 2881 ലൈസൻസ് അപേക്ഷകൾ പെന്റിംങ് വരുത്തിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, ഹെൽത്ത് സൂപ്പർവൈസർ ശ്രീ.മനോജ് കുമാർ.സി എന്നവരെ സസ്പെൻഡ് ചെയ്തിട്ടുള്ളതും, ആയതിനെ തുടർന്ന് ടിയാനെതിരെ കുറ്റാരോപണ മെമ്മോ/പത്രിക നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതുമാണ് എന്ന് അറിയിക്കുന്നു. എന്നാൽ ടിയാൻ ശ്രീ.മനോജ്കുമാർ.സി സർക്കാരിൽ സമർപ്പിച്ച അപേക്ഷയും ടിയാൻ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ.1230/2023 നമ്പർ കേസിലെ 07/07/2023 തീയതിയിലെ ഉത്തരവും പരിഗണിച്ച ടിയാന്റെ അച്ചടക്ക നടപടിക്ക് ഭംഗം വരാത്ത വിധം മറ്റൊരു നഗരസഭയിൽ സേവനത്തിൽ പുനഃപ്രവേശിച്ചുകൊണ്ട് പരാമർശം 4 പ്രകാരം ഉത്തരവാകുകയും, ടിയാനെ പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി നഗരസഭയിലേയ്ക്ക് ഹെൽത്ത് സൂപ്പർവൈസർ/ക്ലീൻ സിറ്റി മാനേജർ തസ്തികയിൽ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട് എന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം വിശദമായി പരിശോധിച്ചതിൽ ശ്രീ. മനോജ് കുമാർ സി., സമർപ്പിച്ച അപ്പീൽ അപേക്ഷയിലെ ആവശ്യപ്രകാരം നിലവിൽ ടിയാന്റെ സസ്പെൻഷൻ പിൻവലിച്ച് ജോലിയിൽ തിരികെ പ്രവേശിപ്പിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ തുടർനടപടി ആവശ്യമില്ലായെന്ന് കണ്ട് അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

5. മേൽപ്രകാരം ഒ.എ.1230/2023 കേസിലെ 07.07.2023 തീയതിയിലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിലെ നിർദ്ദേശം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം

ശ്രീ. മനോജ് കുമാർ സി., ഹെൽത്ത് സൂപ്പർവൈസർ, പാലക്കാട് നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 26-08-2023 15:25:50

സെക്ഷൻ ഓഫീസർ